(സി) സ്വകാര്യ ബസ്സ് ഉടമകൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്ന രണ്ടിടത്തേക്കും ഡി.ടി.ഒ. മാർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ഡി) കൊല്ലം-പുത്തൂർ റൂട്ടിൽ മുടങ്ങിക്കിടക്കുന്ന പ്രൈവറ്റ് ബസ്സ് സർവ്വീസ് പെർമിറ്റുകളിൽ പകരം ബസ്സ് അനുവദിക്കുന്നതിന് കൊല്ലം ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വരുമാനം കുറവായതിനാലും ബസ്സുകളുടെ അപര്യാപ്തതമൂലവും നല്ല വരുമാനം ലഭിക്കുന്ന മറ്റ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനു വേണ്ടി പ്രസ്തുത സർവ്വീസ് ചില ദിവസങ്ങളിൽ ഓടിക്കാൻ കഴിയാറില്ല.

(ബി) ബസ്സുകൾ അപര്യാപ്തമായതിനാലാണ് വരുമാനം കുറവായ പ്രസ്തുത സർവ്വീസ് ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാത്തത്.

(സി) സ്വകാര്യ ബസ്സ് ഉടമകൾക്ക് സഹായകരമായ നിലപാട് പ്രസ്തുത ഡി.ടി.ഒ.മാർ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

**വെഞ്ഞാറമൂട്-പനവൂർ വഴി ചേപ്പിലോട്ട് ബസ്സ് സർവ്വീസുകൾ**

**104(1928)**ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും വെഞ്ഞാറമൂട് പനവൂർ വഴി ചേപ്പിലോട് എത്ര ബസ്സ് സർവ്വീസുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(ബി) ഈ റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കൂടുതൽ പുതിയ സർവ്വീസുകൾ തുടങ്ങാനും നിലവിലുള്ള ഷെഡ്യൂൾ കൃത്യമായി സർവ്വീസ് നടത്താനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പ്രസ്തുത റൂട്ടിൽ ആറ്റിങ്ങൽ ഡിപ്പോയിൽനിന്ന് ഒരു സർവ്വീസ് നിലവിലുണ്ടായിരുന്നു. എന്നാൽ വരുമാനം കുറവായതുകാരണം പ്രസ്തുത സർവ്വീസ് വെഞ്ഞാറമൂട്, പനവൂർ വഴി നെടുമങ്ങാട്ടേയ്ക്ക് സർവ്വീസ് നടത്തി വരുന്നു.

(ബി) വരുമാനം കുറവായ റൂട്ടായതിനാലും ബസ്സുകൾ അപര്യാപ്തമായതിനാലും പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നിർവ്വാഹമില്ല.

**മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി**

**105(1929)**ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സൗകര്യം വർദ്ധിപ്പിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly